# മാരിവില്ല്

## ജി എച്ച് എസ് എസ് വരവൂർ

### ഡിജിറ്റൽ മാഗസിൻ

**2023-2024**







# ആമുഖം

വിദ്യാലയങ്ങൾ സാങ്കേതിക വിദ്യയുടെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി മുന്നേറികൊണ്ടിരിക്കുകയാണല്ലോ.ഐ.റ്റി . യിൽ താല്പര്യമുള്ള കുട്ടികളുടെ കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്.അനിമേഷൻ,പ്രോഗ്രാമിങ്ങ്,നിർമ്മിത ബുദ്ധി തുടങ്ങിയ സാധ്യതകളുടെ വലിയ ചക്രവാളം തന്നെ കുട്ടികളുടെ മുന്നിൽ തുറന്നുകൊടുക്കുന്ന ഈപദ്ധതി പരമാവധി ഭംഗിയായി നടപ്പിലാക്കികൊണ്ടിരിക്കുന്ന ഒരു വിദ്യാലയമാണ് ജി.എച്ച്.എസ്.എസ്. വരവൂർ.ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളുടെ ഭാഗമായ ഡിജിറ്റൽ മാഗസിൻ മാരിവില്ല് സവിനയം സമർപ്പിക്കുന്നു...

മാരിവില്ല്

എഡിറ്റോറിയൽബോർഡ്

# സന്ദേശം



പ്രിയമുള്ളവരെ,
വരവൂർ ഗവ. ഹയർ സെക്കൻ്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിൻ്റെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ ഏറെ സന്തോഷം.
കുട്ടികളിലെ സർഗ്ഗാത്മക ശേഷികൾ കണ്ടെത്തുക എന്നതിനപ്പുറം സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ കൂടി തിരിച്ചറിയുന്നതിനും പഠിക്കുന്നതിനും പ്രയോഗിക്കുന്നതിനും ഈ പ്രവർത്തനം ഏറെ സഹായകമാണ്.
ഡിജിറ്റൽ മാഗസിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ അദ്ധ്യാപകരെയും കുട്ടികളെയും അഭിനന്ദിക്കുന്നതോടൊപ്പം എല്ലാ ആശംസകളും നേരുന്നു.

പി. മൊയ്തീൻകുട്ടി
പ്രധാനാദ്ധ്യാപകൻ
ജി.എച്ച്. എസ്.എസ്. വരവൂർ

## എഡിറ്റോറിയൽബോർഡ്

ശ്രീലക്ഷ്മി.കെ.

നജ്‌ല നസ്റിൻ.പി.എ.

ശ്രിയ ശിവശങ്കരൻ.

ആകാശ്.കെ എസ്.

ഫാത്തിമ മിന്ന.കെ യു.

# ഉള്ളടക്കം

പൊതു വിവരങ്ങൾ......6
ദു:ഖിയുടെ പുലരി......7
താമരരാജകുമാരൻ......8
കുട്ടിപ്പട്ടങ്ങൾ......9
വിലാപം......10
ആപത്തിനെ തടയാം......11
ഒരു മടക്കയാത്ര......12
മരണവിത്തുകൾ......13
യാത്രാവിവരണം......14
SPC......15
നന്മയും തിന്മയും......16
ഡിജിറ്റൽ പെയ്ന്റിങ്ങ്......17
കുത്തിവര......18
പറയാതെ പോയ പ്രണയം......19
ലിറ്റിൽകൈറ്റ്സ് 2022-25......20
ലിറ്റിൽകൈറ്റ്സ 2021-24......21
Stills by Little kites 22-25......22
പൊയ്മുഖം......23
പുരസ്കാരങ്ങൾ......24
നിരാലംബർ......25
ദിനാചരണങ്ങൾ......26
പഠനയാത്രകൾ......27
ഒരു തീവണ്ടിയാത്ര......28-29
ഓർമ്മച്ചിത്രങ്ങൾ......30

# പൊതുവിവരങ്ങൾ



തൃശ്ശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിൽ വരവൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 7 ൽ സ്ഥിതിചെയ്യുന്ന പൊതു വിദ്യാലയമാണ് വരവൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ. 1924 ലാണ് ഈ വിദ്യാലയം സ്ഥാപിതമായത്.

2024ൽശതാബ്ധിആഘോഷിക്കുന്ന വിദ്യാലയ മുത്തശ്ശിക്ക് തന്റെ മുറ്റത്ത് കളിച്ചുവളർന്ന ഒരുപാട് തലമുറകളുടെ കഥകൾ പറയാനുണ്ട്.പൂർവ്വവിദ്യാർത്ഥികളിൽ അതിപ്രശസ്തരായവർ ഏറെയുണ്ട്.തൃശ്ശൂർ ജില്ലാപഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഈവിദ്യാലയം പുത്തനുണർവ്വിന്റെ പാതയിലാണ്.ഹൈടെക് ക്ലാസ്മുറികൾ, സുസജ്ജമായ കമ്പ്യൂട്ടർ ലാബ്,മികവുറ്റ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ,അർപ്പണബോധമുള്ള അധ്യാപകർ,ഊർജ്ജസ്വലമായ പി.ടി.എ.എന്നീ പ്രത്യേകതകൾ വിദ്യാലയത്തിന്റെ പുരോഗതിക്ക് ആക്കം കൂട്ടുന്നു.വരവൂർ,ദേശമംഗലം,എരുമപ്പെട്ടി, തിരുമിറ്റക്കോട് തുടങ്ങിയ പഞ്ചായത്തുകളിലെ താമസക്കാരായ 2000 ത്തോളംവിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു.ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി ഒരുവർഷംനീണ്ടുനിൽക്കുന്ന വിവിധ പരിപാടികൾ ആസൂത്രണംചെയ്തുകഴിഞ്ഞു.ഈവിദ്യാലയത്തിന്റെ വളർച്ചക്കുപിന്നിൽപ്രവർത്തിക്കുകയുംക്രിയാത്മകമായനിർദ്ദേശങ്ങൾനൽകുകയും ചെയ്തിട്ടുള്ളഅധ്യാപകർ,രക്ഷാകർത്തക്കൾ,പോതുപ്രവർത്തകർ,ജനപ്രതിനിധികൾ,പൂർവ്വവിദ്യാർത്ഥികൾതുടങ്ങിയ ഏവരേയും ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

<u>സാരഥികൾ</u>

ഹൈസ്ക്കൂൾ വിഭാഗത്തിന്റെ ഹെഡ്മാസ്റ്റർ ആയി മൊയ്ദീൻകുട്ടി പി. യും ഹയർസെക്കന്ററി വിഭാഗം പ്രിൻസിപ്പാൾ ആയി കെ ബി പ്രീത യും ചുമതല വഹിക്കുന്നു.



# ദു:ഖിയുടെ പുലരി




വിലയില്ലാത്തവനെ വിലയുടെ
വിലയറിയൂ.....!
കണ്ണില്ലാത്തവനെ കണ്ണിന്റെ വിലയറിയൂ
എന്നതു പോലെയാണിത്...

മാംസം രുചിച്ച ചുണ്ടകൾക്ക്
ശാന്തിയുടെ മധുരം
ദഹിച്ചെന്നവരില്ല....!

ഒറ്റപ്പെട്ടവന് ഇന്നും
നിശാന്ധതയുടെ പ്രഭാതം.....!

അനാമിക എസ് യു
7D



# താമര രാജകുമാരൻ

(ചെറുകഥ)



**പണ്ട്** പണ്ട് ഒരു രാജ്യത്ത് ഒരു രാജാവും റാണിയും ഉണ്ടായിരുന്നു.അവർക്ക് ഒരു മകൾ ഉണ്ടായിരുന്നു.അവൾ അതിമനോഹരി ആയിരുന്നു.അവൾക്ക് പൂക്കൾ വളരെ ഇഷ്ടമായിരുന്നു.അവൾ നന്നായി വരയ്ക്കുമായിരുന്നു.ഇപ്പോൾ അവൾക്ക് പത്ത് വയസ്സാണ്.അവളെ അവർ റോസി എന്ന് വിളിച്ചിരുന്നു.

റോസിക്ക് നല്ല വിദ്യാഭ്യാസം ലഭിച്ചിരുന്നു.

കുറച്ചു വർഷങ്ങൾക്ക്ശേഷം ഇന്ന് റോസിയുടെ പിറന്നാൾ ആണ്.അച്ഛൻ അവൾക്ക് ഒരു കുതിരയെ സമ്മാനിച്ചു.അന്നുതന്നെ അവൾ ആകുതിരപ്പുറത്ത് യാത്രചെയ്യുവാൻ തീരുമാനിച്ചു.അവൾ പിറ്റേന്നുതന്നെ യാത്രപുറപ്പെട്ടു.യാത്രയ്ക്കിടെ അവൾക്ക് നന്നായി ദാഹിയ്ക്കാൻ തുടങ്ങി.അവൾ അവിടെയുള്ള ഒരുകുളത്തിൽ നിന്ന് വെള്ളം കുടിച്ചു.ആ കുളത്തിൽ നിറയെ താമര ആയിരുന്നു.അതിൽ ഒരു താമര അവളോട് സംസാരിച്ചു.അവൾ അത്ഭുതപ്പെട്ടുപോയി.തന്നെ അവളുടെ വീട്ടിൽ കൊണ്ടുപോകാൻ ആ താമര അവളോടാ വശ്യപ്പെട്ടു.അവൾ അത് സമ്മതിച്ചു.

അവർ വീട്ടിലെത്തി.ഇനി നീ നിന്റെ കഥ പറയൂ എന്ന് താമര പറഞ്ഞു.റോസി താമരയെ കണ്ടുമുട്ടുന്നതുവരെയുള്ള കഥ പറഞ്ഞുകൊടുത്തു.അതുകേട്ടപ്പോൾ താമര ചോദിച്ചു നിന്റെ പേര് റോസി എന്നാണോ? അതെ, അവൾ പറഞ്ഞു.നിനക്ക് പൂക്കളെ ഇഷ്ടമാണോ ? ആണല്ലോ ,എനിക്ക് പൂക്കളെ വളരെ ഇഷ്ടമാണ്, അവൾ പറഞ്ഞു.ഞാൻ നിന്നോട് ഒരുകാര്യം ആവശ്യപ്പെട്ടാൽ നീ അതെനിക്ക് സാധിച്ചു തരുമോ? റോസി സമ്മതം മൂളി.നീ എന്റെ ഇതളുകൾ അടർത്തിയെടുക്കാമോ?പൂക്കളെ ഒരുപാട് ഇഷ്ടമുള്ള അവൾക്കതിനുകഴിയുമായിരുന്നില്ല.എങ്കിലും താമര ആവശ്യപ്പെട്ടതല്ലെ എന്നുകരുതി അവൾ ഇതളുകൾ എല്ലാം അടർത്തിമാറ്റി.അപ്പോൾ അവളുടെ മുറിയിൽ ഒരു പ്രകാശ വിസ്ഫോടനം ഉണ്ടായി.അവൾ കണ്ണടച്ചു.
കണ്ണു തുറന്നപ്പോൾ താമരഇതളുകളുടെ സ്ഥാനത്ത് ഒരു സുന്ദരനായ രാജകുമാരൻ!
നീകാരണമാണ് എനിക്ക് ശാപമോക്ഷം ലഭിച്ചത്.നിന്നെ എനിക്ക് ഒരുപാട് ഇഷ്ടമായി എന്ന് രാജകുമാരൻ പറഞ്ഞു.റോസിക്ക് തന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല.അവൾ രാജകുമാരനേയുംകൂട്ടി അച്ഛനും അമ്മയും ഇരിക്കുന്നിടത്ത് ചെന്ന് നടന്ന സംഭവങ്ങൾ വിവരിച്ചു.തനിക്ക് രാജകുമാരനെ ഒരുപാട് ഇഷ്ടമായെന്നും വിവാഹം ചെയ്യാനാഗ്രഹമുണ്ടെന്നും അവരെ അറിയിച്ചു.മാതാപിതാക്കൾ അവളുടെ ആഗ്രഹം സാധിച്ചുകൊടുത്തു.
ദീർഘകാലം അവർ സന്തോഷത്തോടെ ജീവിച്ചു....

**ലിയ.പി.ബി**
6D


## കുട്ടിപ്പട്ടങ്ങൾ



കുട്ടികളാകും പട്ടങ്ങൾ
വാനിലുയർന്നു പറക്കുന്നു...
പുത്തനറിവുകൾ നേടുന്നു
പൂമ്പാറ്റകളായ് പാറുന്നു...
ചലച്ചിത്രങ്ങൾ ചമയ്ക്കുന്നു
നിർമ്മിത ബുദ്ധിയോടേറ്റുന്നു
നവമാധ്യമ മേട്ടകളിൽ
സാമോദം അവർ പാറുന്നു....

രാജശ്രീ.ടി.കെ
HST MATHEMATICS






# വിലാപം

പുലരിയുടെ പൂക്കൾ
അന്ധകാരത്തിന്റെ ശലഭങ്ങൾ ആകുന്നു
ഇരുട്ടിനെ തെറ്റി
വെള്ള ചേലയണിയവേ
പ്രണയമാസ്വദിക്കാൻ കഴിയാത്ത
പെണ്ണിന്റെ ഹൃദയം
ദളങ്ങൾ കൊണ്ട് മൂടവേ
പൊട്ടില്ല ............
ചിരിയില്ല ........
കെട്യോൻ കെട്ടിയ മിന്നുമില്ല
അടർത്തിയെടുത്തല്ലോ എല്ലാം
വയ്യെന്റെ ഹൃദയമേ
പ്രാണനറ്റ പ്രാവുപോൽ
ചിറകടിക്കാൻശേഷിയില്ല
കുരുടനാക്കൂവെന്നേ
ബധിരനാക്കൂവെന്നേ
എങ്കിലും
പ്രാണന്റെ പാതി
പറിച്ചുനടല്ലേ

**അനാമിക എസ്.യു**
7D

# ആപത്തിനെ തടയാം

രാജു ഒരു വിദ്യാർത്ഥിയാണ് .പഠിത്തം തുടങ്ങിയതു മുതലെ അവനാണ് എല്ലാത്തിലും ഫസ്റ്റ് .മാതാപിതാക്കളെ അനുസരിക്കുകയും വലിയവരെ ബഹുമാനിക്കുകയും ചെയ്ത കുട്ടിയായിരുന്നു രാജു .ഒരു ദിവസം സ്കൂൾ വിട്ട് വരുന്നതിനിടെ രണ്ട് വഴിയാത്രക്കാർ അവന് ലഹരി കൊടുക്കാൻ ശ്രമിച്ചു .അവൻ ആദ്യം പിൻമാറി എങ്കിലും അവനത് വാങ്ങി ഉപയോഗിച്ചു .അവൻ ലഹരി ഉപയോഗം ശീലമാക്കി .അവന്റെ പെരുമാറ്റത്തിൽ മാറ്റങ്ങളുണ്ടായി .മാതാപിതാക്കളോടും അദ്ധ്യാപകരോടും മോശമായി പെരുമാറാൻതുടങ്ങി.അവരെല്ലാവരും ചേർന്ന് അവൻ ലഹരി ഉപയോഗിക്കുന്ന വിവരം കണ്ടെത്തി .അവന് ഒരു ദിവസം പോലും ലഹരി ഉപയോഗിക്കാതെഇരിക്കാൻ പറ്റുകയുണ്ടായില്ല .പലരുടെയും കൗൺസിലിംഗ് അതുപോലെ മോട്ടിവേഷനുകളും മാതാപിതാക്കളുടെയും അധ്യാപകരുടെയും പരിശ്രമം കാരണം അ പഴയ നിലയിൽ എത്തിക്കാൻ കഴിഞ്ഞു .അവൻ പഴയതു പോലെ നല്ല ഒരു വിദ്യാർത്ഥി ആയി മാറി .രാജുവിന് ലഹരി കൊടുത്തവരെയും അവരുടെ സംഘത്തെയും പോലീസ് അറസ്റ്റ് ചെയ്തു .സ്കൂളിൽ ലഹരിക്കെതിരെ വിദ്യാർത്ഥികളും അധ്യാപകരും ചേർന്ന് പോരാടാൻ തുടങ്ങി .വിദ്യാർത്ഥികൾക്ക് ലഹരി കൊണ്ടുള്ള ദോഷങ്ങൾ പറഞ്ഞു കൊടുക്കുകയും ചെയ്തു .അവർ എല്ലാം ഒരുമിച്ചു പറഞ്ഞു




"stop drugs enjoy life"

സൻഫിയ
8F



# ഒരു മടക്കയാത്ര

മരണമേ .....
നീയറിഞ്ഞുവോ ?
നിനക്കു വേണ്ടി ഞാനെന്റെ
ജന്മം സമർപ്പിക്കുന്നു
ഈ മണ്ണിൽ ഞാൻ
പിറന്നു വീണപ്പോൾ
സന്തോഷിച്ചവരാരും
എന്റെ മടക്കയാത്രയിൽ
ദു:ഖിക്കരുത്
രോഗം തിന്ന ഹൃദയങ്ങൾ
ബലികാക്കകൾക്കായി സമർപ്പിക്കണേ ....
തിരികെ യാത്രയിൽ എനിക്ക്
ദു:ഖമില്ല
പക്ഷെ ....
എന്നെയോർത്ത് ദു:ഖിക്കുന്നവരുടെ
വേദന എനിക്ക് താങ്ങാനാവില്ല

അനാമിക എസ് യു

# മരണവിത്തുകൾ



എങ്ങും നിശ്ശബ്ദത മാത്രം..
വിജനമായ വീഥികളിൽ
മരണത്തിന്റെ ഗന്ധവും പേറി
കാറ്റ് വീശുന്നുണ്ട്..
പതിയിരിക്കുന്നുണ്ട് മരണത്തിന്റെ
സൂക്ഷ്മവിത്തുകൾ..
മുള നുള്ളാൻ മാത്രം പഠിച്ചവർ..
മുഖം നഷ്ട്ടപെട്ട മനുഷ്യജീവികൾ
മറത്തുണികൾക്കുള്ളിൽ പതുങ്ങിയിരിപ്പുണ്ട്
മരണസംഭ്രമത്തോടെ .
പ്രേതഭൂമിയിൽ ജഡങ്ങൾ നിറയുന്നു.
അവസാന യാത്രാമൊഴി പോലും ചൊല്ലാതെ
ചീഞ്ഞു നാറുന്നത് കൊച്ചു വീടുകളിലിരുന്ന്
അറിയുന്നുണ്ട് നിറകണ്ണുകൾ..
പട നയിക്കാൻ മാത്രം പഠിച്ചവർ
പണച്ചാക്കുകൾക്കും പടക്കോപ്പുകൾക്കും
മീതെയിരുന്നു കരയുന്നുണ്ട്
അപ്പവും വീഞ്ഞുമായി
നടുക്കടലിലൂടെ ഇനിയാരും നടന്നു വരാനില്ല..
ദൈവങ്ങളെല്ലാം ഉറക്കത്തിലാണ്..
അവർക്കിടയിലൂടെ ചില മാലാഖമാർ
പറന്നിറങ്ങുന്നുണ്ട് സ്നേഹചിറകു വീശി..
യുദ്ധഭൂമിയിൽ നാം കൂട്ടിവെച്ച
ആയുധങ്ങളൊക്കെയും തുരുമ്പെടുക്കുന്നു..
എങ്ങും വിലാപം മാത്രം...
ജാതി-മത-രാഷ്ട്രങ്ങൾക്കപ്പുറത്ത്
അതിരുകളില്ലാതാകുന്ന കാഴ്ച്ച
പുതിയൊരു പുലരിതൻ സ്വപ്നം
ചിറക് വീശുന്നുണ്ട് വീഥിയിൽ..

**പി.മൊയ്ദീൻകുട്ടി**
**പ്രധാനാദ്ധ്യാപകൻ**

# യാത്രാവിവരണം

മൃഗശാലയിലേക്ക് ഒരു യാത്ര

ഇത്തവണത്തെ സ്കൂൾ വേനലവധിക്കാലത്തെ മറക്കാനാവാത്ത അനുഭവമായിരുന്നു തൃശ്ശൂർ മൃഗശാലയിലേക്കുള്ള ഞങ്ങളുടെ യാത്ര.എങ്ങും ചുട്ടുപൊള്ളുന്ന വെയിൽ.മൃഗശാലയിലോ കുളിർമയേകുന്ന അന്തരീക്ഷം.മെയ് മാസത്തിലെ ആദ്യത്തെ ഞായറാഴ്ചയായിരുന്നു അന്ന്.അച്ഛനും അമ്മയും ഞാനും അച്ഛന്റെ സഹോദരിയും കുടുംബവും ഉൾപ്പടെ പതിനാലുപേരടങ്ങുന്ന സംഘം.മൂന്നു കാറുകളിലായിട്ടായിരുന്നു യാത്ര. രാവിലെ പത്തുമണിയായപ്പോഴേയ്ക്കും ഞങ്ങൾ അവിടെ എത്തി.ടിക്കറ്റെടുത്ത് ഞങ്ങൾ ഉള്ളിലേക്ക് പ്രവേശിച്ചപ്പോൾ കൂട്ടിലെ തത്തകൾ ഞങ്ങളെ സ്വാഗതം ചെയ്തു. വ്യത്യസ്ത കൂടുകളിൽ മൂങ്ങകളുംപരുന്തുകളും ഉണ്ടായിരുന്നു.അവിടത്തെ കുളത്തിൽ വലിയ മുതലയേയും നീന്തിക്കളിക്കുന്ന ആമകളേയും കാണാൻ കഴിഞ്ഞു. മാൻ,കൃഷ്ണമൃഗം,കുരങ്ങൻ,എമു,മയിൽ ,വേഴാമ്പൽ തുടങ്ങിയ പലതരം മൃഗങ്ങളേയും പക്ഷികളേയും കൊണ്ട് മൃഗശാല വളരെ ആകർഷകമായിരുന്നു.പുലി വെള്ളം കുടുക്കുന്ന വീഡിയോ ഞാൻ ഫോണിൽ പകർത്തിയിരുന്നു. കൊച്ചി രാജാക്കന്മാർ ഉപയോഗിച്ചിരുന്ന പഴയകാല ആയുധങ്ങൾ,ബോട്ടുകൾ തുടങ്ങിയവ മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്നത് കാണാൻ കഴിഞ്ഞു.അങ്ങനെ കുറെ കാഴ്ചകൾ ഞങ്ങൾ അവിടെ കണ്ടു.വീട്ടിലേക്കുതിരിച്ചു വരുമ്പോൾ കാട്ടിലെ സ്വാതന്ത്ര്യം ആസ്വദിക്കാൻ കഴിയാത്ത ആമൃഗശാലയിലെ കൂട്ടിലടക്കപ്പെട്ട പക്ഷികളുടേയും മൃഗങ്ങളുടേയും അവസ്ഥയോർത്ത് എനിക്ക് സങ്കടം വന്നു.എങ്കിലും വളരെ കൗതുകം നിറഞ്ഞ അനുഭവമായിരുന്നു ആ മൃഗശാലയിലെകാഴ്ചകൾ എനിക്ക് സമ്മാനിച്ചത്





# SPC











# നന്മയും തിന്മയും

ഒരിക്കൽ നന്മയും തിന്മയും കണ്ടുമുട്ടി .തിന്മയുടെ കറുത്ത ശരീരത്തിൽ വെളുത്ത് രണ്ട് ചിറകുകൾ കണ്ട് ആശ്ചര്യത്തോടെ നന്മ ചോദിച്ചു, "ഈരണ്ടു വെളുത്ത ചിറകുകൾ എന്താണ്?"തിന്മ പറഞ്ഞു ,"ഈ ചിറകുകളിൽ ഒന്ന് സമ്പത്തും മറ്റൊന്ന് അധികാരവുമാണ്."ഈരണ്ടു ചിറകുകളും വേഗത്തിൽ വീശി ഞാൻ കടന്നു പോകുമ്പോൾ എന്നെ കാണുന്നവർക്കെല്ലാം ഞാൻ മുഴുവനും വെളുത്തതാണെന്നു തോന്നും.അങ്ങനെ നിന്റെ പക്ഷത്തുള്ള കുറേപ്പേരെ എന്റെ പക്ഷത്തേക്ക് കൊണ്ടുവരാൻ എനിക്ക് കഴിയും.

ഗുണപാഠം :-സമ്പത്തിനും സ്ഥാനമാനങ്ങൾക്കും പിന്നാലെ നെട്ടോട്ടമോടുന്നവർ പലപ്പോഴും തിന്മയെ നന്മയെന്ന് തെറ്റിദ്ധരിക്കുന്നു.ആകയാൽ നമുക്കുലഭിക്കുന്നസമ്പത്തും സ്ഥാനമാനങ്ങളുമൊക്കെ ശരിയായമാർഗ്ഗങ്ങളിലൂടെയാണോ നമ്മിലേക്ക്എത്തിച്ചേരുന്നതെന്ന് നാം സ്വയം ഉറപ്പുവരുത്തേണ്ടതാണ്.

സൻഫിയ
8F

# *DIGITAL PAINTINGS*



NIVEDITHA V M
9C



SAPTHASREE
8A

# കുത്തിവര



# പറയാതെ പോയ പ്രണയം



അകലേക്ക് മറയുന്ന ചിരകാല
സ്വപ്നമായിരുന്ന ആരുമറിയാതെ
ഞാൻ സൂക്ഷിച്ചയെന്റെ പ്രണയം

ഒരുവാക്കിനായി കാത്തിരുന്ന നാളുകളിൽ
മൗനമായി നീയെന്നരികിലെത്തിയപ്പോൾ
പറയുവാൻ കഴിയാതെ പോയൊരനുരാഗ
മെന്നുള്ളിലെ നൊമ്പരമായിരുന്നു.

തിരിഞ്ഞൊന്നുനോക്കാതെ
താളം പിഴച്ച ചുവടുമായി
നീയകലേക്ക്മാഞ്ഞുപോയൊരു
നാളറിയാതെയെങ്കിലും
തിരികെവരുമെന്ന്കൊതിച്ചിരുന്നു.

പറയുവാൻ കഴിയാത്ത
മോഹങ്ങളൊക്കെയുംചേർത്തുവെച്ച്
പകൽമാഞ്ഞ സന്ധ്യയിലങ്ങകലെ
അമ്പിളിക്കല നേർത്തപുഞ്ചിരിപൊഴിച്ച്
എനിക്ക് കൂട്ടായി നിന്നത്
നിനക്കുവേണ്ടിയായിരുന്നു...!

ഷിനി
എച്ച്.എസ്.ടി. മലയാളം

# LILLE KITES 2022-25



Theory class



Little kites with  HM & SITC

LITTLE KITES 2021-24



# SSLC 2024 BATCH

BEST WISHES

STILLS BY OUR LITTLE KITES USING DSLR











# പൊയ്മുഖം



എന്നിലെ ഞാനെന്ന
ഭാവമെനിക്കിന്നേറെ
അകലെയാണ്...
പകലിൻ വെളിച്ചത്തിലേറെ പരിചയം
സർവ്വം സഹയെന്നപേരുമാത്രം

ആടിയവേഷങ്ങൾ...
ആടയാഭരണങ്ങൾ...
അടിയറവെച്ചൊരു സ്വാതന്ത്ര്യം
കരിന്തിരിപോലെയുരുകിയ
നാളുകൾക്ക്
അറുതി വരുത്തി
അഴിച്ചുവെക്കണം
എനിക്കീപൊയ്മുഖം

ജീർണ്ണിച്ച വാക്കുകൾ കടം
കൊള്ളാതെ
ഇരവിന്റെ മറപറ്റും രക്ഷകരിൽ നിന്ന്
അടിതുടങ്ങുംമുമ്പേ അഴിച്ചുവെച്ചൊരാ
വേഷമണിയേണം

ഇനിവരുന്നൊരു ദിനമെങ്കിലും
സ്വയം രക്ഷകയാകുവാനായി
നാളെയുടെ കാവലായി
കത്തിജ്ജ്വലിക്കുവാൻ
പറിച്ചെറിയണം
എന്നിലെ പൊയ്മുഖം....

**ഷിനി**
**എച്ച്.എസ്.ടി. മലയാളം**

# പുരസ്കാരങ്ങൾ


India
സ്വാതന്ത്ര്യദിന പ്രസംഗ മത്സരം
(HS വിഭാഗം)
8A
10A
അഭിനന്ദനങ്ങൾ
ജി. എച്ച്. എസ്. എസ്. വരവൂർ


Congratulations
TEAM GHSS VARAVOOR


GHSS VARAVOOR
State Level Mirsa Galib
Excellency text winner
2023-2024
Najla nasrin p. A
9A
ഉർദു ഗസൽക്ലബ്
വരവൂർ
അഭിനന്ദനങ്ങൾ


2
1
3


തിരുവനന്തപുരത്ത് നടക്കുന്ന
SPC സംസ്ഥാന ക്യാമ്പിലേക്ക്
തെരഞ്ഞെടുക്കപ്പെട്ട
GHSS VARAVOOR
SPC സീനിയർ കേഡറ്റ്
ANUSREE V K
അഭിനന്ദനങ്ങൾ




GHSS VARAVOOR
Sanskrit scholarship
WINNERS 2023/24
CONGRATULATIONS


BRC Level Science Fest
2023-24
SECOND PLACE
GHSS Varavoor
Dhanuja V B
Best project
Presentation
Best Teacher
Presentation
Congratulations


G H S S VARAVOOR
ALLAMA IQBAL URDU TALENT TEST
STATE LEVEL WINNERS 2023-24
FIDHA V N
Class 10C
SHIMLA V F
Class 10C
FATHIMA SAFA T S
Class 8A
Congratulations


A
GRADE
Fathima swaliha c.a
അഭിനന്ദനങ്ങൾ
GHSS VARAVOOR


ചേലക്കര മണ്ഡലം
നവകേരള സദസ്സ്
സംവാദം
HS വിഭാഗം
SECOND
SECOND
ANUSREE V.K
VARUNDEV A.D
അഭിനന്ദനങ്ങൾ
സ്റ്റാഫ് &പി. ടി. എ
ജി.എച്ച്. എസ്. എസ്
വരവൂർ


ചേലക്കര മണ്ഡലം
നവകേരള സദസ്സ്
ക്വിസ്
UP വിഭാഗം
SECOND
GOURILAKSHMI V.A
അഭിനന്ദനങ്ങൾ
സ്റ്റാഫ് &പി. ടി. എ
ജി.എച്ച്. എസ്. എസ്
വരവൂർ


ചേലക്കര മണ്ഡലം
നവകേരള സദസ്സ്
ക്വിസ്
HS വിഭാഗം
FIRST
DHANUSH. S
അഭിനന്ദനങ്ങൾ
Staff & PTA

# നിരാലംബർ




ആശ്രയമില്ലാതെയേകയായി
ഇനിയെന്തുവേണമെന്നറിയാതെ
ഇരുളടഞ്ഞ ജീവിത പന്ഥാവിൽ
ആലംബഹീനരായിപോയൊരു
ജന്മങ്ങൾ....

നിറമുള്ളസ്വപ്നങ്ങളൊന്നുമില്ലാതെ
ആശകൾവറ്റിവരണ്ടുണങ്ങി
ഭീതിനിഴലിയ്ക്കുംമിഴികളോടെ
ഒന്നിനുമറ്റൊന്ന് നൽകുവാനാകാതെ
ഇവിടമിനിയെന്തെന്നറിയാതെ
പകച്ചു നിൽക്കുന്നവർ.....

**ഷിനി**
**HST MALAYALAM**

# ദിനാചരണങ്ങൾ


സെപ്റ്റംബർ 5
അധ്യാപക ദിനത്തിൽ പ്രിയ അധ്യാപകർക്ക്
SPC യുടെ ആദരം...



GHSS VARAVOOR REPUBLIC DAY Celebration

# പഠനയാത്രകൾ





# ഒരു തീവണ്ടിയാത്ര



ഞാൻ ആദ്യമായാണ് തീവണ്ടിയാത്ര ചെയ്യുന്നത്.അതിന്റേതായ പേടിയും എനിക്ക് ഉണ്ടായിരുന്നു.ഞാൻ ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷനിൽ എത്തി.അവിടെ വ്യത്യസ്ത പ്ളാറ്റ്ഫോമുകളിലായിവിവിധ നിറങ്ങളിലുള്ള തീവണ്ടികൾ കണ്ടു.ഞാൻ അതിശയിച്ചുപോയി.ഞാൻ തിരുവനന്തപുരത്തേയ്ക്കുള്ള തീവണ്ടിയിലാണ് പോകുന്നത്.അങ്ങനെ ഒരു 9 മണിയ്ക്കാണ് തീവണ്ടി പുറപ്പെട്ടത്.ഞാൻ എന്റെ സീറ്റിലിരുന്ന് പുറത്തുള്ള കാഴ്ചകൾ കണ്ടുരസിച്ചു. കുറേ മരങ്ങൾ ഓടുന്നതായിതോന്നി.കൂടാതെ വലിയ കുന്നുകളും മലകളും പാടങ്ങളും പക്ഷികളും നിറഞ്ഞ ആ കാഴ്ച അതി മനോഹരമായിരുന്നു.ആ കാഴ്ചകൾ എന്റെ മനസിൽ ഇപ്പോഴുമുണ്ട്.കുറച്ചുകഴിഞ്ഞപ്പോൾ ചുറ്റിലുംനോക്കി, പലതരം ആളുകൾ...പലവേഷങ്ങൾ...പലഭാഷകൾ...അവരുടെ ഇടയിൽ ചില അന്യസംസ്ഥാനക്കാരും.അങ്ങനെ ഭാഷ അറിയാതെ കുറച്ചുനേരംഅവരുടെമുഖത്ത്നോക്കിനിന്നു.ഉച്ചനേരം ആയപ്പോൾ വിശക്കവാൻ തുടങ്ങി.അപ്പോൾ അച്ഛൻ ഞങ്ങൾക്ക് ആഹാരം വാങ്ങിതന്നു.ഞങ്ങളുടെ സീറ്റിന്റെ അടുത്ത് ഒരമ്മയും കുഞ്ഞും ഉണ്ടായിരുന്നു.ആ കുഞ്ഞിന് വിശക്കുന്നുണ്ടായിരുന്നു.ഞങ്ങൾ അവർക്കും കുറച്ച് ഭക്ഷണം നൽകി.അവരത് സന്തോഷത്തോടെ കഴിച്ചു. അങ്ങനെ കുരച്ചുനേരം കഴിഞ്ഞപ്പോൾ തീവണ്ടി കുലുങ്ങാൻ തുടങ്ങി.ഞാനാകെ പേടിച്ചു.കുറച്ചു കഴിഞപ്പോൾ നിന്നു.അന്ന് വൈകുന്നേരം ഞങ്ങൾ തിരുവനന്തപുരത്ത് എത്തി.നേരെ ഹോട്ടലിലേക്കാണ് പോയത്. കുളിയും വിശ്രമവും കഴിഞ് ഞങ്ങൾ ശംഖുമുഖം കടപ്പുറത്തേക്ക്പോയി. സൂര്യാസ്തമനം അതിമനോഹരമായ ക്ഴ്ചയായിരുന്നു.വളരെയേറെ നേരം ഞങ്ങൾ ആ കടൽതീരത്ത് തിരകളെ നോക്കിയിരുന്നു. എത്രകണ്ടാലും മതിവരില്ല.....രാത്രി പത്തരയോടെ ഞങ്ങൾ ഹോട്ടലിൽ തിരിച്ചെത്തി. ഭക്ഷണശേഷം പിറ്റേന്നു പോകേണ്ട സ്ഥലങ്ങളെക്കുറിച്ച് ധാരണയുണ്ടാക്കി ഉറങ്ങാൻ കിടന്നു.

പുലർച്ചെ 5 മണിക്കുതന്നെ ഉണർന്ന്പ്രഭാതകൃത്യങ്ങൾ കഴിഞ്ഞ് ഭക്ഷണവും കഴിച്ച് ഞങ്ങൾ പത്മമാഭസ്വാമിക്ഷേത്രത്തിലേക്ക് പോയി. ക്ഷേത്രച്ചുമരുകളിൽ പുരാതന ചിത്രകാരന്മാരുടെ കലാവിരുത് കാണാൻ കഴിഞ്ഞു. പ്രദക്ഷിണംവെച്ചുതൊഴുതതിനുശേഷം ഞങ്ങൾ അമ്പലത്തിൽ നിന്നും പ്രസാദഊട്ടും കഴിഞ്ഞ് പുറത്തിറങ്ങി.



പിന്നീട് ഞങ്ങൾ പോയത് പത്മനാഭപുരം കൊട്ടാരത്തിലേക്കാണ്. കൊട്ടാരത്തിന്റെ ഉള്ളിൽ കാണാനും പഠിക്കാനും ഒരു പാട് കാര്യങ്ങൾ ഉണ്ടായിരുന്നു. കരകൗശലത്താൽ അവിടെ മനോഹരമായിരുന്നു.




തിരുവനന്തപുരത്തെ കാഴ്ചകളും തീവണ്ടി യാത്രയും എനിക്ക് മറക്കാനാവാത്ത ഒരു അനുഭവമാണ്.

# ഓർമ്മച്ചിത്രങ്ങൾ











T H A N K Y O U